## പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 927** — **20/03/2012 ൽ മറുപടിക്ക്**

## എസ്.എസ്.എ. പദ്ധതി നടത്തിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ : | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) എസ്.എസ്.എ. പദ്ധതി പ്രകാരം എത്ര കോടി രൂപ 2011-12 സാമ്പത്തിക വർഷം അനുവദിച്ചു; ഇതിൽ എത്ര രൂപ ചെലവാക്കി; വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി ഇതിൽ എത്ര കോടി രൂപ വകയിരുത്തി; ഈ തുക ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | എ) എസ്.എസ്.എ. പദ്ധതി പ്രകാരം 2011-12 സാമ്പത്തിക വർഷം 476.36 കോടി രൂപ അനുവദിച്ചു. അതിൽ മുൻനീക്കിയിരുപ്പ് 116 കോടി രൂപ ഉൾപ്പെടെ 386.25 കോടി രൂപ ലഭിച്ചു. ഇതിൽ 29.2.2012 വരെ 200.47 കോടി രൂപ ചെലവാക്കി |
| ബി) എസ്.എസ്.എ. പ്രോജക്ട് ഓഫീസർ, പ്രോഗ്രാം ഓഫീസർ എന്നിവരുടെ യോഗ്യത എന്താണ്; നിലവിൽ ഈ തസ്തികയിൽ നിയമിച്ചവർക്ക് പ്രസ്തുത യോഗ്യത ഉണ്ടോ; ഇല്ലെങ്കിൽ ഇവരെ ഈ തസ്തികകളിൽ നിന്നും ഒഴിവാക്കുമോ; | ബി) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ഓഫീസർ, ഡയറ്റ് സീനിയർ ലക്ചറേഴ്സ് എന്നിവരിൽ നിന്നും ഡെപ്യൂട്ടേഷൻ മുഖേനയാണ് എസ്.എസ്.എയിലെ പ്രോജക്ട് ഓഫീസർമാരെ നിയമിക്കുന്നത്. എസ്.എസ്.എ പ്രോഗ്രാം ഓഫീസർമാരായി ഹയർ സെക്കന്ററി പ്രിൻസിപ്പൽ/ഡയറ്റ് സീനിയർ ലക്ചറർ/അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർ/ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, ഡയറ്റ് ലക്ചറർ/ഹയർ സെക്കന്ററി സ്കൂൾ, സ്പെഷ്യൽ സ്കൂളിലെ ഹൈസ്കൂൾ അസിസ്റ്റന്റുമാർ എന്നിവരിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേനയാണ് നിയമിക്കുന്നത്. |
| സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.എസ്.എ. പദ്ധതിയിൽ നിന്നും എത്ര പേരെ ഒഴിവാക്കിയിട്ടുണ്ട്; ഇതിൽ കാലാവധി കഴിഞ്ഞവർ എത്ര; കാലാവധി കഴിയുംമുമ്പേ ഒഴിവാക്കിയവർ എത്ര; | സി) ജില്ലാ ഓഫീസുകളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് ഇത് സംബന്ധിച്ച മറുപടി ലഭ്യമാക്കുന്നതാണ്. |

(.....2)

| | | | |
|---|---|---|---|
| ഡി) | എസ്.എസ്.എ. പദ്ധതിയിൽ ബി.പി.ഒ. മാരുടെ എത്ര ഒഴിവുണ്ട്; ഒഴിവ് നികത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഒഴിവുള്ളപ്പോൾ ആരെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടോ; | ഡി) | നിലവിൽ ബി.പി.ഒ-മാരുടെ 24 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ടി ഒഴിവുകൾ നികത്തുന്നതിന് നിലവിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതിൽ നിന്ന് നിയമിക്കുന്നതാണ്. റാങ്ക് ലിസ്റ്റിൽ വേണ്ടത്ര അധ്യാപകർ ഇല്ലാത്ത ജില്ലകളിൽ പുതിയ നിയമനനടപടികൾ തുടങ്ങിയിട്ടുണ്ട്. ഗവൺമെന്റ് ഉത്തരവ് നമ്പർ 5558/2011/പൊ.വി.വ തീയതി 13.12.2011 പ്രകാരം 21 ബി.പി.ഒമാരെ മടക്കി അയച്ചിട്ടുണ്ട്. ടി ഒഴിവുകൾ എല്ലാം തന്നെ പുതിയ നിയമനം നടത്തി നികത്തിയിട്ടുണ്ട്. (ഗവൺമെന്റ് ഉത്തരവ് നമ്പർ 197/2012/പൊ.വി.വ തീയതി 11.01.2012) നിലവിൽ ഒഴിവുള്ളപ്പോൾ ആരേയും പിരിച്ചുവിട്ടിട്ടില്ല. |
| ഇ) | ആവശ്യത്തിന് ട്രെയിനർമാർ ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അദ്ധ്യാപക പരിശീലനം കാര്യക്ഷമമാക്കാൻ എന്ത് നടപടി സ്വീകരിക്കും ? | ഇ) | എസ്.എസ്.എയിൽ ആവശ്യത്തിന് ട്രെയിനർമാർ ഇപ്പോൾ നിലവിലില്ല. എന്നാൽ 292 അധ്യാപകരെക്കൂടി നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അതുവഴി അധ്യാപക പരിശീലനം കാര്യക്ഷമമാക്കാൻ സാധിക്കും. |

(signature)

സെക്ഷൻ ഓഫീസർ